**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4466** **19-07-2022 - ൽ മറുപടിയ്ക്ക്**

**കുടുംബി സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കുടുംബി സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താൻ വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നൽകിയ ശിപാർശയിൽ സ്വീകരിക്കപ്പെട്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയം ലഭ്യമാക്കിയ പ്രൊഫോർമയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ വിദഗ്ധ ഏജൻസിയായ കിർത്താഡ്സ് 'കുടുംബി' സമുദായ സംഘടനാ ഭാരവാഹികളെ നേരിൽ കേൾക്കുകയും ഹർജിക്കാർ കുടുംബി സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ഉന്നയിക്കുകയും ഉണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ടി സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യപ്പെടാൻ അർഹരാണോ എന്നത് സംബന്ധിച്ച പഠനം കിർത്താഡ്സ് നടത്തി വരുന്നു. |
| (ബി) | കുടുംബി സമുദായത്തെക്കുറിച്ച് കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയം ആവശ്യപ്പെട്ടിട്ടുള്ള അധികവിവരങ്ങൾ ലഭ്യമാക്കുന്നതിനായി കിർത്താഡ്സിനെ ഏല്പിച്ചിട്ടുണ്ടോ; | (ബി) | കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയം ലഭ്യമാക്കിയ പ്രൊഫോർമയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ വിദഗ്ധ ഏജൻസിയായ കിർത്താഡ്സ് 'കുടുംബി' സമുദായ സംഘടനാ ഭാരവാഹികളെ നേരിൽ കേൾക്കുകയും ഹർജിക്കാർ കുടുംബി സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ഉന്നയിക്കുകയും ഉണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ടി സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യപ്പെടാൻ അർഹരാണോ എന്നത് സംബന്ധിച്ച പഠനം കിർത്താഡ്സ് നടത്തി വരുന്നു. |
| (സി) | പ്രസ്തുത അധികവിവരങ്ങൾ സമർപ്പിക്കുന്നതിനായി കിർത്താഡ്സ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; പ്രസ്തുത റിപ്പോർട്ട് എന്നത്തേക്ക് കേന്ദ്ര സർക്കാർ മുമ്പാകെ സമർപ്പിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയം ലഭ്യമാക്കിയ പ്രൊഫോർമയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ വിദഗ്ധ ഏജൻസിയായ കിർത്താഡ്സ് 'കുടുംബി' സമുദായ സംഘടനാ ഭാരവാഹികളെ നേരിൽ കേൾക്കുകയും ഹർജിക്കാർ |

| | | | |
|---|---|---|---|
| | | | കുടുംബി സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ഉന്നയിക്കുകയും ഉണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ടി സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യപ്പെടാൻ അർഹരാണോ എന്നത് സംബന്ധിച്ച പഠനം കിർത്താഡ്സ് നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ